## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2987 15/12/2015 ൽ മറുപടിക്ക്

# ഓൾ കേരളാ ലാന്റ് സർവ്വേയേഴ്സ് അസോസിയേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ.ശശീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഓൾ കേരളാ ലാന്റ് സർവ്വേയേഴ്സ് അസോസിയേഷൻ എന്തെങ്കിലും നിവേദനം സമർപ്പിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അവരുടെ നിവേദനത്തിൽ എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) (i) സ്വകാര്യ സർവ്വേയർമാർക്ക് ലൈസൻസ് അനുവദിക്കുക.<br>(ii) ആധാരത്തോടൊപ്പം സ്കെച്ച് വച്ചുകൊണ്ടുള്ള രജിസ്ട്രേഷൻ നടപ്പിലാക്കുക.<br>(iii) ബാങ്ക്ഇതര ധനകാര്യ സ്ഥാപനങ്ങൾക്ക് വ്യക്തിഗത വായ്പ എടുക്കുന്ന അവസരത്തിൽ ലൊക്കേഷൻ സ്കെച്ച് ആവശ്യപ്പെടുമ്പോൾ ലൈസൻസ്ഡ് സർവ്വെയർമാരുടെ സേവനം തേടുവാൻ ബാങ്ക് മുതലായ ധനകാര്യ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുക.<br>(iv) സർവ്വെ സംബന്ധമായ ആവശ്യങ്ങൾക്ക് ഫീൽഡ് മെഷർമെന്റ് ബുക്ക് (എഫ്.എം.ബി) പകർപ്പ് അപേക്ഷയും, ഫീസും നൽകിയാൽ യാതൊരു തടസ്സവും കൂടാതെ ലൈസൻസ് സർവ്വെയർമാർക്ക് ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുക എന്നീ ആവശ്യങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. |
| (സി) പ്രസ്തുത ആവശ്യങ്ങളിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) (i) സംസ്ഥാനത്ത് ടോറൻസ് നടപ്പിലാക്കിയിട്ടുള്ള താലൂക്കുകളിൽ നിശ്ചിത യോഗ്യതയുള്ളവർക്ക് ലൈസൻസ് വിതരണം ചെയ്തു വരുന്നു. മറ്റു ജില്ലകളിൽ പ്രൈവറ്റ് സർവ്വെയർമാർക്ക് ലൈസൻസ് വിതരണം ചെയ്യുന്ന വിഷയം പരിശോധിച്ചുവരുന്നു. |

(ii) ആധാരത്തോടൊപ്പം സ്കെച്ച് വച്ചുകൊണ്ടുളള രജിസ്ട്രേഷൻ നടപ്പിലാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(iii) ബാങ്ക് മുതലായ ധനകാര്യ സ്ഥാപനങ്ങളിലെ വ്യക്തിഗത വായ്പവിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലൊക്കേഷൻ സ്കെച്ച് തയ്യാറാക്കുന്ന വിഷയം പ്രസ്തുത സ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്നവയായതിനാൽ വകുപ്പിൽ നടപടിയില്ല.

(iv) നിയമാനുസൃത ഫീസ് ഒടുക്കുന്നയാൾക്ക് സർവ്വെ ഓഫീസുകളിൽ നിന്നും യഥാസമയം സ്കെച്ചുകൾ വിതരണം ചെയ്തു വരുന്നു.

സെക്ഷൻ ഓഫീസർ